പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : 623

29-07-2015 - ൽ മറുപടിയ്ക്ക്

## ട്രോളിംഗ് നിരോധനം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| | ശ്രീ.സി.ദിവാകരൻ<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീ.കെ.അജിത്<br>ശ്രീ.ജി.എസ്.ജയലാൽ: | | ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി |
| (എ) | ട്രോളിംഗ് നിരോധന കാലാവധി ദീർഘിപ്പിക്കാൻ ഡോ.സെയ്ദ റാവു കമ്മീഷൻ ശിപാർശ ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എക്സ്ക്ലൂസീവ് എക്കണോമിക് സോണിൽ (കടലിലെ 200 നോട്ടിക്കൽ മൈൽ വരെയുള്ള പ്രദേശം) നടപ്പിലാക്കി വരുന്ന സീസണൽ ഫിഷിംഗ് നിരോധനം 47 ദിവസത്തിൽ നിന്നും 61 ദിവസമായി വർദ്ധിപ്പി ക്കാൻ ഡോ.സെയ്ദ റാവു കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. |
| ബി) | ഈ റിപ്പോർട്ടിലെ മറ്റ് ശിപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | ബി) | ടി റിപ്പോർട്ടിലെ മറ്റ് ശുപാർശകൾ ചുവടെ ചേർക്കുന്നു.<br>1. തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും പ്രവർത്തിപ്പിക്കുന്ന പരമ്പരാഗത നോൺ - മോട്ടോറൈസ്ഡ് യാനങ്ങൾ ഒഴികെയുള്ള പഴ്സ് സീനേഴ്സും റിംഗ് സീനേഴ്സും ഉൾപ്പെടെയുള്ള എല്ലാ യാനങ്ങൾക്കും പ്രസ്തുത നിരോധനം ബാധകമാക്കുക ;<br>2. എക്സ്ക്ലൂസീവ് എക്കണോമിക് സോണിൽ വിദേശ യാനങ്ങൾ ഒളിച്ചു കടന്നു മീൻ പിടിക്കുന്നത് കർശനമായി നിയന്ത്രിക്കുക. അയൽ രാജ്യങ്ങളുമായി ചർച്ച നടത്തി നമ്മുടെ സീസണൽ മത്സ്യബന്ധന നിരോധനം സംബന്ധിച്ചും അതിരുകൾ സംബന്ധിച്ചും മറ്റ് റഗുലേഷനുകൾ സംബന്ധിച്ചും ബോദ്ധ്യപ്പെടുത്തി ആയത് നടപ്പിലാക്കി വിഭവങ്ങൾ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുക.<br>3. പിടിയ്ക്കാവുന്ന മത്സ്യങ്ങളുടെ ഏറ്റവും കുറഞ്ഞ വലിപ്പം, വലകളുടെ കണ്ണിവലിപ്പം സംബന്ധിച്ച റഗുലേഷനുകൾ ലൈസൻസിംഗ്, മെക്കനൈസ്ഡും, മോട്ടോറൈസ്ഡും ആയ ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിനും വിവിധ തരത്തിലുള്ള യാനങ്ങൾ മത്സ്യബന്ധനം നടത്തുന്നതിനുള്ള നിയന്ത്രണങ്ങൾ തുടങ്ങിയവ കർശനമായി നടപ്പിലാക്കുക. |

| | | | |
|---|---|---|---|
| | | | 4. ഇന്ത്യൻ ഫിഷറീസിന്റെ ഓരോ പ്രദേശത്തിനെയും അടിസ്ഥാനമാക്കി യുള്ള ആവശ്യകതകൾ മുന്നിൽ കണ്ടുകൊണ്ടുള്ള പരിഷ്ക്കരണം മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ടുകളിൽ കൊണ്ടു വരുക. അത് കൊണ്ടുവരുന്നത് മത്സ്യത്തൊഴിലാളി സമൂഹവുമായും സ്റ്റേക്ക് ഹോൾഡേഴ്സു മാരുമായും കൂടിയാലോചിച്ചു കൊണ്ടായിരിക്കണം .<br><br>5. വിഭവപരിപാലനം കോ-മാനേജ്മെന്റ് സമീപനത്തിലൂടെ സമൂഹപങ്കാളിത്തം എന്നിവ പ്രോത്സാഹിപ്പിക്കുക. ഇത് സംസ്ഥാനത്തിന്റെ ഭരണപരമായ ബാദ്ധ്യത കുറയ്ക്കുകയും വിഭവ പരിപാലനത്തിൽ സമൂഹത്തിനുണ്ടാകേണ്ട പങ്ക് വർദ്ധിപ്പിക്കുകയും ചെയ്യും.<br><br>6. അയൽ സംസ്ഥാനങ്ങളുമായി സഹകരിച്ചുകൊ ണ്ട് തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും വല നിയന്ത്രണങ്ങൾ നടപ്പിലാക്കുക. മേഖലാടിസ്ഥാനത്തിലോ പ്രാദേശികാടിസ്ഥാനത്തിലോ ഉ ണ്ടാകുന്ന പ്രശ്നങ്ങൾ (ഉദാ : കരിക്കാടി) നയപരമായ തീരുമാനങ്ങളിലൂടെ ശാസ്ത്രീയമായി അവലോകനം ചെയ്തു അതിന്റെ നേട്ടങ്ങൾ കണക്കാക്കുക.<br><br>7. വിഭവങ്ങൾ ചൂഷണം ചെയ്യുന്നതിൽ സുസ്ഥിരത ഉറപ്പാക്കുന്നതിന് ഫിഷറീസ് ഡയറക്ടറേറ്റിലെ ജീവനക്കാർക്ക് കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകളും മത്സ്യത്തൊഴിലാളി കൾക്ക് കപ്പാസിറ്റി അവെയർനസ്സ് ബിൽഡിംഗ് പ്രോഗ്രാമുകളും സർക്കാർ നടപ്പിലാക്കുക. |

**സെക്ഷൻ ഓഫീസർ**